**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 3107

15.02.2013 ൽ
മറുപടിയ്ക്ക്

**അവശ്യസാധനങ്ങളുടെ വിലവർദ്ധനക്കെതിരെ**
**കമ്പോളത്തിലിടപെടാൻ നടപടി**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ ; | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സപ്ലൈകോയിൽ ഇ-ടെന്ററിംഗ് നടപടികൾ തുടങ്ങിയോ ; | എ) | 2005 ഫെബ്രുവരി മാസത്തിലാണ് സപ്ലൈകോയിൽ ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കിയത്. നിത്യോപയോഗസാധനങ്ങളായ അരി, പഞ്ചസാര, പലവ്യഞ്ജനങ്ങൾ തുടങ്ങിയവ പ്രധാനമായും ഇ-ടെണ്ടർ വഴിയാണ് അന്നു മുതൽ വാങ്ങി വരുന്നത്. പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കപ്പെട്ട ഒരു സംവിധാനമാണ് ഇതിനായി ഉപയോഗിക്കുന്നത്. |
| ബി) നിലവിൽ സംസ്ഥാനത്ത് അവശ്യ സാധനങ്ങൾ പകുതി വാങ്ങിയാൽ മതിയെന്ന് പർച്ചേസ് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ടോ ; | ബി) | സംസ്ഥാനത്തിന് അവശ്യമുള്ള സാധനങ്ങളുടെ പകുതി വാങ്ങിയാൽ മതിയെന്ന് സിവിൽ സപ്ലൈസ് കോർപ്പറേഷനുമായി ബന്ധപ്പെട്ട ഒരു കമ്മിറ്റിയും തീരുമാനിച്ചിട്ടില്ല. |
| സി) അവശ്യസാധനങ്ങൾക്ക് പൊതു വിപണിയിൽ വിലവർദ്ധന ഉണ്ടാകുന്നതിനാൽ കമ്പോളത്തിലിടപെടൽ ശക്തമാക്കുമോ ; | സി) | പൊതു വിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കാൻ ശക്തമായ നടപടികളാണ് സ്വീകരിച്ചു വരുന്നത്. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് ഉടനീളം പ്രവർത്തിച്ചു വരുന്ന ചില്ലറ വിൽപ്പനശാലകൾ ഉൾപ്പെടെയുള്ള വിൽപ്പനശാലകൾ വഴി കുറഞ്ഞ വിലയിൽ ഗുണമേന്മയുള്ള സാധനങ്ങൾ വിൽപ്പന നടത്തുന്നുണ്ട്. |
| ഡി) അതിനായി എന്ത് തുക ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട് ; എന്ത് തുക ചെലവഴിച്ചിട്ടുണ്ട് ? | ഡി) | വിപണി ഇടപെടലിനായി ഈ സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 50 കോടി രൂപയ്ക്ക് പുറമെ അധികമായി 35 കോടി രൂപ കൂടി സപ്ലൈകോയ്ക്ക് അനുവദിച്ചിരുന്നു. പ്രസ്തുത തുക മുഴുവനും ചെലവഴിച്ചിട്ടുണ്ട്. |

Beena

സെക്ഷൻ ഓഫീസർ